മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ കാര്യത്തെപ്പറ്റി ആലോചിക്കുന്നുണ്ട്.

പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകർക്ക് പ്രൊവിഡൻറ്ഫണ്ട്.

* 81. [33] ശ്രീ. ടി. എ. മജീദ്: † താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ച് പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകർക്കെല്ലാം പ്രൊവിഡൻറ്ഫണ്ട് ആനുകൂല്യം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) മാനേജരന്മാരുടെ വിഹിതം കൊടുക്കുവാൻ പ്രയാസമാണെന്നു കാണിച്ച് അവരിൽനിന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രൊവിഡൻറ്ഫണ്ട് ഏർപ്പെടുത്തുന്ന കാര്യത്തിൽ എന്തു അടിയന്തിരനടപടികളാണ് ഗവണ്മെൻറ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പി. എസ്സ്. എസ്സ്. സ്കീമനുസരിച്ച് പ്രൈവറ്റ് സ്കൂളദ്ധ്യാപകന്മാർക്കെല്ലാം പ്രൊവിഡൻറ്ഫണ്ട് ആനുകൂല്യം ലഭിക്കുന്നുണ്ട്.

(ബി) മാനേജരന്മാരുടെ വിഹിതംകൊടുക്കാൻ പ്രയാസമാണെന്ന് പരാതിയുണ്ട്.

(സി) അടിയന്തിര നടപടിയൊന്നുമെടുത്തിരിക്കുകയാണ്.

ശ്രീ. കെ. സി. എബ്രഹാം: വിഹിതംകൊടുക്കാൻ വിസമ്മതിക്കുന്ന മാനേജരന്മാരുടെ പേരിൽ നടപടി എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ അവർ കൊടുത്തില്ലെങ്കിൽ എന്താണ് നടപടിയെന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്.

ശ്രീ. യു. നീലകണ്ഠൻ: ലൈസൻസ് കിട്ടാത്ത അദ്ധ്യാപകന്മാർക്ക് പ്രൊവിഡൻറ് ഫണ്ടിനു അവകാശമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ലെന്നാണ് തോന്നുന്നത്.

ഹൈസ്കൂളുകൾ.

* 82. [34] ശ്രീ. എം. എ. ആൻറണി: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അടുത്ത സ്കൂൾവർഷത്തിൽ പുതിയ ഹൈസ്കൂളുകൾ അനുവദിക്കുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ സ്കൂൾവർഷത്തിൽ പുതിയ ഹൈസ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നില്ല.

† As the member was absent the question was put by Shri K. C. Abraham with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

1955 ആഗസ്റ്റ് 12-ാംതീ- ഒരു നോട്ടിഫിക്കേഷൻ ഇതിനെ സംബന്ധിച്ച് കൊടുത്തിട്ടുണ്ട്. സെക്കൻഡറി എഡ്യൂക്കേഷൻ കമ്മിഷന്റെ പ്രൊപ്പോസൽ അനുസരിച്ച് പാഠപദ്ധതിക്രമത്തിൽ കാര്യമായ ചില വ്യത്യാസങ്ങൾ ഉണ്ടാകും. അതിനുശേഷം മാത്രമേ സ്കൂൾ അനുവദിക്കുകയുള്ളൂ.

ഗാന്ധിസ്മാരകത്തിന്റെ പണി.

* 83. [35] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്യാകുമാരിയിലെ ഗാന്ധിസ്മാരകത്തിന്റെ പണിക്ക് ഇതുവരെ എത്ര രൂപ ചെലവുണ്ട് ;

(ബി) എന്തുകൊണ്ടാണ് കുറെ ദിവസങ്ങൾ പ്രസ്തുത പണി നിറുത്തിവച്ചിരുന്നത് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. എ. വേലായുധൻ) :

(എ) 1956 ജനുവരി അവസാനംവരെ ചെലവ് 1,04,122 രൂ. 13 ണ. 10 സ.

(ബി) ചില മാറ്റങ്ങൾ വരുത്തുന്നതിനെസംബന്ധിച്ച് ആലോചിക്കേണ്ടിവന്നതിനാൽ പണി തുടരുവാൻ സാധിച്ചില്ല.

Libraries.

* 84. [36] SHRI V. V. SEBASTIAN : Will the chief Minister be pleased to state :

(a) how many libraries are there in the state receiving grants from the Government ;

(b) what is the total amount of grant paid to them in 1954-55 ;

(c) what are the conditions stipulated for a library to become entitled to grand ; and

(d) is there any prohibition against the giving of grants by panchayats to libraries who do not conform to the above standard ?

Chief Minister (SHRI PANAMPILLI GOVINDA MENON) :

(a) 1241 libraries.

(b) In the year 1954-55 an amount of Rs. 1,70,415 was given as grant.

(c) The conditions stipulated for a library to become entitled to grant are the following:—

1. There should be a minimum stock of 600 books and a membership of 50 on the rolls of the library.

LIBRARY ARCHIVES Kerala Legislative Assembly